(ജി) ജീവനക്കാരുടെ എണ്ണം സംബന്ധിച്ച ത്രൈമാസ റിപ്പോർട്ട് നൽകാത്ത എത്ര പൊതുമേഖലാ സ്ഥാപനങ്ങൾ ഉണ്ട്; ഇതിന് ഉത്തരവാദിയായവർക്കെതിരെ നടപടി എടുക്കുമോ?

ഉത്തരം

(എ) വർഷത്തിൽ ഒരിക്കൽ.

(ബി) പൊതുമേഖലാ സ്ഥാപനങ്ങൾക്ക് മാത്രമായി ഈ സമിതി മൂന്നുവർഷത്തിനുള്ളിൽ യോഗം ചേർന്നിട്ടില്ല.

(സി) നടപടി സ്വീകരിക്കുന്നതാണ്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഇ)&(എഫ്) എക്സിക്യൂട്ടീവ്, മിഡിൽ ലെവൽ എക്സിക്യൂട്ടീവ് തസ്തികകളിൽ ഒറ്റ പട്ടികവിഭാഗക്കാരനെപ്പോലും നിയമിക്കാത്ത 17 പൊതുമേഖലാ സ്ഥാപനവും ഒറ്റ പട്ടികവർഗ്ഗക്കാരനപ്പോലും നിയമിക്കാത്ത 25 പൊതുമേഖലാ സ്ഥാപനവും ഉണ്ട്. ഇത്തരം കമ്പനികളിൽ മേൽപ്പറഞ്ഞ വിഭാഗങ്ങൾക്ക് നിർദ്ദിഷ്ട പ്രാതിനിധ്യം നൽകുവാൻ വേണ്ട നടപടിയെടുക്കുവാൻ ഭരണ വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ജി) 31.3.99-ലെ റിവ്യൂ പ്രകാരം ജീവനക്കാരുടെ ഇപ്പോഴത്തെ എണ്ണം സംബന്ധിച്ച ത്രൈമാസ റിപ്പോർട്ട് നൽകാത്ത 21 പൊതുമേഖലാ സ്ഥാപനങ്ങൾ ഉണ്ട്. ഈ സ്ഥാപനങ്ങളുടെ കാര്യത്തിൽ ഏറ്റവും ഒടുവിൽ കിട്ടിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അവലോകനം നടത്തുന്നുണ്ട്. ജീവനക്കാരുടെ എണ്ണം സംബന്ധിച്ച ത്രൈമാസ റിപ്പോർട്ട് മൂന്നുമാസം കഴിഞ്ഞുള്ള 15 ദിവസത്തിനകം ഗവൺമെന്റിൽ കിട്ടണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ട്.

11 (635) സംവരണം പാലിക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിന് സംവിധാനം

ഡോ. എം.എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ വകുപ്പുകളിലെ നിയമനങ്ങളിൽ പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ പ്രാതിനിധ്യം പാലിക്കപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കാൻ പൊതുഭരണ വകുപ്പിൻകീഴിൽ എന്ത് സംവിധാനമാണ് നിലവിലുള്ളത്;

(ബി) പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ പട്ടിക വിഭാഗപ്രാതിനിധ്യം ഉറപ്പുവരുത്താൻ എന്ത് സംവിധാനമാണുള്ളത്;

(സി) യൂണിവേഴ്സിറ്റികൾ, കമ്മീഷനുകൾ, സ്വയംഭരണ സ്ഥാപനങ്ങൾ, സാംസ്ക്കാരിക സ്ഥാപനങ്ങൾ, സ്റ്റാറ്റ്യൂട്ടറി സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ, ദേവസ്വം ബോർഡുകൾ, മുനിസിപ്പാലിറ്റികൾ, മുനിസിപ്പൽ കോർപ്പറേഷനുകൾ, ത്രിതല പഞ്ചായത്തുകൾ തുടങ്ങിയവയിലെ നിയമനങ്ങളിൽ പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ പ്രാതിനിധ്യം പാലിക്കുന്നുണ്ടോ എന്ന് പരിശോധിക്കാൻ പ്രത്യേക ഒരു ഏജൻസിയെ സർക്കാർ നിയോഗിക്കുമോ?

ഉത്തരം

(എ) ഓരോ വർഷവും ജനുവരി ഒന്നാം തീയതിയിലെ കണക്കുവച്ച് വാർഷികാവലോകനം പൊതുഭരണവകുപ്പ് നടത്തുന്നു. മതിയായ പ്രാതി

LIBRARY ARCHIVES Kerala Legislative Assembly

നിധ്യം ലഭിച്ചിട്ടില്ലെങ്കിൽ സ്പെഷ്യൽ റിക്രൂട്ടുമെന്റിനുവേണ്ടി തസ്തികകൾ സംവരണം ചെയ്യുകയും ചെയ്യുന്നു. ഇതിനായുള്ള ഹൈലെവൽ കമ്മിറ്റിയുടെ ചെയർമാൻ മുഖ്യമന്ത്രിയാണ്.

(ബി) എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളിലേയും പട്ടികജാതി/പട്ടികവർഗ്ഗ പ്രാതിനിധ്യം ത്രൈമാസിക അടിസ്ഥാനത്തിൽ പ്ലാനിംഗ് വകുപ്പ് (ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസ്) അവലോകനം നടത്തുന്നു. പ്രാതിനിധ്യം കുറവുണ്ടെങ്കിൽ നടപടി കൈക്കൊള്ളുവാൻ ആവശ്യപ്പെടുന്നു.

(സി) ഗവൺമെന്റ് വകുപ്പുകളിലെ പ്രാതിനിധ്യവും പൊതുമേഖലാ സ്ഥാപനങ്ങളിലെ പ്രാതിനിധ്യവും അവലോകനം ചെയ്യാൻ ഇപ്പോൾത്തന്നെ മുഖ്യമന്ത്രി, പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി, എം.എൽ.എ.മാർ തുടങ്ങിയവർ ഉൾപ്പെടുന്ന കമ്മിറ്റികൾ ഉണ്ട്. അതിനാൽ ഇക്കാര്യത്തിന് പ്രത്യേകം ഏജൻസി ആവശ്യമില്ല.

12 (636) സംവരണം സംബന്ധിച്ച പൊതുഭരണ വകുപ്പിന്റെ പ്രസിദ്ധീകരണം

ഡോ. എം.എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ ഗവൺമെന്റ് സർവ്വീസിലെ സംവരണം സംബന്ധിച്ച സർക്കാർ ഉത്തരവുകളേയും ചട്ടങ്ങളേയും സംബന്ധിച്ച് പൊതുഭരണവകുപ്പ് കാലാകാലങ്ങളിൽ പ്രസിദ്ധീകരിച്ചുവരുന്ന ഹാൻഡ് ബുക്ക് ഏതു വർഷംവരെ പ്രസിദ്ധീകരിച്ചിട്ടുണ്ട്;

(ബി) 1983-നു ശേഷം പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളും ഭേദഗതികളും കൂട്ടിച്ചേർത്ത് പുതിയ പതിപ്പ് പ്രസിദ്ധീകരിക്കുവാൻ പൊതുഭരണ വകുപ്പിന് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) 30.6.1983 വരെയുള്ള സർക്കാർ ഉത്തരവുകളും ചട്ടങ്ങളും ഭേദഗതികളും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഹാൻഡ് ബുക്ക് 1984-ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ബി) പുതിയ പതിപ്പ് പ്രസിദ്ധീകരിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

13 (637) ക്രൈസ്തവർ നിർമ്മിക്കുന്ന വിൽപ്പത്രങ്ങൾ

ശ്രീ. മാമ്മൻ മത്തായി :

ശ്രീ. കെ.എം. മാണി :

ശ്രീ. കെ. നാരായണക്കുറുപ്പ് :

ശ്രീ. സി.എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്രൈസ്തവർ നിർമ്മിക്കുന്ന വിൽപ്പത്രങ്ങൾ പ്രൊബേറ്റ് ചെയ്യണമെന്ന വ്യവസ്ഥ ഭേദഗതി ചെയ്തുകൊണ്ട് കേരള നിയമസഭ പാസ്സാക്കിയ ഇന്ത്യൻ പിൻതുടർച്ച (കേരള ഭേദഗതി) ആക്ട് 1996-ൽ സംസ്ഥാനത്ത് പ്രാബല്യത്തിലായിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly